WISDOM ബാലവേദി

# കൗതുകച്ചെപ്പ്

006

1. കിണറ്റിൽ നിന്ന് കൊട്ടാരത്തിലേക്ക് എത്തിയ പ്രവാചകൻ. അടിമയായി വിൽക്കപ്പെടുകയും കാലങ്ങൾക്ക് ശേഷം ഈജിപ്ത് ഭരണകൂടത്തിലെ ഉന്നതമായ സ്ഥാനങ്ങൾ വഹിക്കുകയും ചെയ്ത ഈ പ്രവാചകൻ ആര് ?

A. ഇബ്രാഹീം (അ) B. മുഹമ്മദ് നബി (സ്വ)

C. യൂസുഫ് (അ) D. ഇസ്മാഈൽ (അ)

2. മുസ്ലീമീങ്ങളുടെ ഒന്നാമത്തെ ഹിജ്റ അബ്സീനയിലേക്കാണ്. അബ്സീനയിലേക്ക് ആദ്യമായി ഹിജ്റ ചെയ്ത സ്വഹാബിവര്യൻ ആര് ?

A. ഹംസ (റ) B. ബിലാൽ (റ)

C. അംറ് ബിൻ യാസിർ (റ) D. ഉസ്മാൻ ബിൻ അഫ്ഫാൻ (റ)

3. ലോകത്തിലെ ഏറ്റവും ആഴമേറിയ തടാകം റഷ്യയിലാണ് സ്ഥിതി ചെയ്യുന്നത്. ഏതാണ് ആ തടാകം?

A. ടാങ്കനിക തടാകം B. ലഡോഗ തടാകം

C. ഒന്റാറിയോ തടാകം D. ബൈക്കൽ തടാകം

4. എൽ.പി പ്രായത്തിലും അതിന് താഴെയുമുള്ള കുട്ടികൾക്ക് ഒത്തിരി നന്മകൾ നുകരുവാനും, അവരുടെ വ്യത്യസ്തങ്ങളായ കഴിവുകൾ കൊണ്ട് പ്രബോധന മേഖലയിൽ ഇടപെടാനും അവരെ സഹായിക്കുന്ന ഒരു വിങ് Wisdom Students ന് കീഴിൽ പ്രവർത്തിക്കുന്നു. അതിന്റെ പേരെന്ത് ?

A. വിസ്ഡം ബാലവേദി B. സി ആർ ഇ വിങ്

C. ക്യാമ്പസ് വിങ് D. വെൽഫയർ വിങ്

5. ഇസ്ലാമിക ലോകത്ത് നാല് ഖലീഫമാർക്ക് ശേഷം മുആവിയ (റ) യുടെ നേതൃത്വത്തിലാണ് ഉമവീ ഭരണകൂടം സ്ഥാപിതമായത്. പ്രസ്തുത ഖിലാഫത്തിന്റെ തലസ്ഥാനം ഏത് നഗരമായിരുന്നു ?

A. മക്ക B. മദീന

C. ഡമസ്കസ് D. ബാഗ്ദാദ്